# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.1259 15-06-2012 - ലെ മറുപടിക്ക്

### "ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണത്തോടെയുള്ള പദ്ധതികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ദിവാകരൻ<br>ശ്രീ. വി. ശശി<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വികസനത്തിനായി ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണത്തോടെയുള്ള പദ്ധതികളെക്കുറിച്ച് ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പദ്ധതികളെക്കുറിച്ചാണ് ചർച്ചകൾ ആരംഭിച്ചിട്ടുള്ളത്; അവ ഏതെല്ലാം; | (എ) ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണത്തോടെയുള്ള പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. എന്നാൽ ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ അദ്ധ്യക്ഷനായ ശ്രീ. സാംപിട്രോഡ സംസ്ഥാനത്തിന്റെ മാർഗ്ഗദർശിയായതിനാൽ ആ നിലയ്ക്ക് അദ്ദേഹം മുഖ്യമന്ത്രിയുമായി 2012 ജനുവരി 25 ന് നടത്തിയ ചർച്ചയിൽ കേരളത്തിന്റെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി. അവ പ്രാവർത്തികമാക്കുന്നതിനുള്ള ചർച്ചകൾ ആരംഭിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>1. തീരദേശ ജലപാത<br>2. നോളജ് സിറ്റി<br>3. ആയുർവേദത്തിന്റെ ആധുനീകരണം<br>4. മാലിന്യ പരിപാലനം<br>5. ഇ-ഗവേണൻസ്<br>6. നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>7. ആരോഗ്യ ഇൻഷുറൻസ്<br>8. വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകുംവിധം ഉപയോഗിക്കുക<br>9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം<br>10. ഹൈസ്പീഡ് റെയിൽ കോറിഡോർ |

| | | | |
|---|---|---|---|
| (ബി) | അന്തരാഷ്ട്ര നിലവാരമുള്ള നോളജ് സിറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | അന്തരാഷ്ട്ര നിലവാരത്തിലുള്ള നോളജ് സിറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നു വരികയാണ്. |
| (സി) | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും പദ്ധതികൾ ചർച്ചയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ആയുർവേദത്തിന്റെ ആധുനീകരണം, നൈപുണ്യ വികസനവും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരമ്പരാഗത മേഖലകളുടെ ആധുനീകരണം മുതലായ പദ്ധതി നിർദ്ദേശങ്ങൾ ഉത് പാദന മേഖലയുമായി നേരിട്ട് ബന്ധപ്പെട്ടവയാണ്. അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിടുന്ന മറ്റ് പദ്ധതി നിർദ്ദേശങ്ങളും ഉത്പാദന മേഖലയ്ക്ക് ആക്കം കൂട്ടുന്നവയാണ്. |
| (ഡി) | മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഏതെങ്കിലും പദ്ധതികൾ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ടോ? | (ഡി) | ഉണ്ട്. വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ.